(ഡി) സ്ഥിരമായി ഉണ്ടാകുന്ന ഒഴിവുകൾ എല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തിവരുന്നുണ്ട്.

കോപ്പി ഫോൾഡർ തസ്തികയ്ക്കു വേണ്ടി നടത്തിയ പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ്

89 (97) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഗവൺമെന്റ് പ്രസ്സ് കോപ്പി ഫോൾഡർ തസ്തികയ്ക്കു വേണ്ടി പി.എസ്.സി. നടത്തിയ പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് എന്ന് പ്രസിദ്ധപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

എറണാകുളം ജില്ലയിൽ ഗവൺമെന്റ് പ്രസ്സിലെ കോപ്പി ഫോൾഡർ തസ്തികയുടെ തെരഞ്ഞെടുപ്പിനുള്ള ഷോർട്ട് ലിസ്റ്റ് താമസംവിനാ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു.

നിയമനം ത്വരിതപ്പെടുത്താൻ നടപടി

90 (98) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലേയ്ക്ക് പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള ലോവർ ഡിവിഷൻ ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ബി) ക്രീമിലെയർ പ്രശ്നം ഉണ്ടായ ശേഷം നിർത്തി വച്ചിരുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് ഉള്ള നിയമനം, നിയമനങ്ങൾ നല്കാൻ സർക്കാർ ഉത്തരവ് നല്കിയ ശേഷവും സ്തംഭിച്ചിരിക്കുകയാണെന്ന് വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്പോഴുള്ള ഒഴിവുകളിലേയ്ക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഉള്ള നിയമനം ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ) 60 ഉദ്യോഗാർത്ഥികളെ നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി & സി) ശേഷിക്കുന്ന 67 ഒഴിവുകളിലേക്ക് നിയമന ശുപാർശ നടത്തുവാനുള്ള നടപടി പുരോഗമിച്ചു വരുന്നു.

ഇന്റർവ്യൂവിന് വിളിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ മുൻഗണനാക്രമം

91 (99) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലേയ്ക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അതിനുള്ള അർഹത നിശ്ചയിക്കുവാൻ പബ്ലിക് സർവ്വീസ് കമ്മിഷൻ എഴുത്തു

LIBRARY ARCHIVES Kerala Legislative Assembly

പരീക്ഷയും ഇന്റർവ്യൂവും നടത്തുമ്പോൾ ഇന്റർവ്യൂവിനു വിളിക്കപ്പെടുന്നതിനു അർഹത നേടുന്നവരെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ;

(ബി) എഴുത്തു പരീക്ഷ കഴിഞ്ഞ് ഇന്റർവ്യൂവിന് വിളിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നത് എപ്രകാരമാണെന്ന് വിശദീകരിക്കുമോ ;

(സി) എഴുത്തു പരീക്ഷയ്ക്ക് ശേഷം ഒന്നിലധികം കേന്ദ്രങ്ങളിൽ വച്ച് ഇന്റർവ്യൂ ഉള്ള പക്ഷം ഇന്റർവ്യൂവിനായി ഓരോ കേന്ദ്രത്തിലേക്കും ഉദ്യോഗാർത്ഥികളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തി തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന തസ്തികകളെ സംബന്ധിച്ചിടത്തോളം എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ ഇന്റർവ്യൂവിന് വിളിക്കാൻ അർഹരായവരുടെ ലിസ്റ്റ് (ഷോർട്ട് ലിസ്റ്റ്) ആദ്യം പ്രസിദ്ധീകരിക്കുന്നു. ഓരോ തസ്തികയുടെയും ഷോർട്ട് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിൽ എത്രപേരേ ഉൾപ്പെടുത്തണമെന്ന് ആ തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും അടുത്ത മൂന്നു വർഷ കാലയളവിൽ ഉണ്ടാകാൻ ഇടയുള്ളതുമായ ഒഴിവുകളുടെ എണ്ണവും, ഇതേ തസ്തികയുടെ കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ നിന്നു നിയമന ശുപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണവും കൂടി കണക്കിലെടുത്ത് നടപ്പ് തെരഞ്ഞെടുപ്പിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം ഇത്ര ആയിരിക്കണമെന്ന് കമ്മീഷൻ ആദ്യം തീരുമാനിക്കുന്നു. അത്രയും ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിനുള്ള മാർക്ക് നിജപ്പെടുത്തുകയും ഇങ്ങനെ നിജപ്പെടുത്തിയ മാർക്കിനു മുകളിൽ ഉൾപ്പെട്ട എല്ലാ വിഭാഗം ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തികൊണ്ട് പ്രസിദ്ധപ്പെടുത്തുന്ന ലിസിറ്റിന് മെരിറ്റ് ലിസ്റ്റ് (മെയിൻ ലിസ്റ്റ്) എന്നു പറയുന്നു. എന്നാൽ സംവരണ തത്വം പാലിക്കുന്നതിനായി ഓരോ സമുദായത്തിനും മിനിമം ലഭിക്കേണ്ട എണ്ണം പ്രസ്തുത മെരിറ്റ് ലിസ്റ്റിൽ ഇല്ലായെന്ന് കാണുന്ന പക്ഷം അതാത് സമുദായങ്ങൾക്ക് അർഹതപ്പെട്ട പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിലേക്ക് മെരിറ്റ് ലിസ്റ്റിനായി നിജപ്പെടുത്തിയ മാർക്കിൽ നിന്നും താഴേക്ക് മാർക്ക് കുറവു ചെയ്തു (ലോവർ ചെയ്ത്) ആവശ്യത്തിന് ലഭ്യമാകുന്നതുവരെ എടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ സപ്ലിമെന്ററി ലിസ്റ്റിലായി വെവ്വേറെ ഉൾപ്പെടുത്തുന്നു.

(ബി) ഓരോ തസ്തികയ്ക്കും ലഭിക്കുന്ന സ്വീകാര്യമായ അപേക്ഷകൾ ആദ്യം ജില്ലാ തലത്തിലും പിന്നീട് താലൂക്ക് തലത്തിലും (അപേക്ഷകൾ വളരെയധികമാണെങ്കിൽ) വേർതിരിക്കുന്നു. പിന്നീട് അവ ഇംഗ്ലീഷ് അക്ഷരമാലാക്രമത്തിൽ ആക്കിയ ശേഷമാണ് ഉദ്യോഗാർത്ഥികൾക്ക് രജിസ്റ്റർ നമ്പർ നല്കുന്നത്. എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന ഷോർട്ട് ലിസ്റ്റിലും രജിസ്റ്റർ നമ്പർ ക്രമം തന്നെയാണുള്ളത്. ഷോർട്ട് ലിസ്റ്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മെയിൻ ലിസ്റ്റിലുൾപ്പെടുന്ന ഉദ്യോഗാർത്ഥികളെ രജിസ്റ്റർ നമ്പർ ക്രമത്തിലാണ് ഇന്റർവ്യൂവിന് വിളിക്കുന്നത്. മെയിൻ ലിസ്റ്റിലെ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ ചെയ്ത ശേഷം സപ്ലിമെന്ററി ലിസ്റ്റിലെ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിനു വിളിക്കുന്നു.

(സി) സംസ്ഥാനതല തെരഞ്ഞെടുപ്പുകൾക്ക് ഒന്നിലധികം കേന്ദ്രങ്ങളിൽ വച്ച് (അതായത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ വച്ച്) ഇന്റർവ്യൂ നടത്തുമ്പോൾ ഓരോ കേന്ദ്രത്തിന്റെയും പരിധിയിൽ വരുന്ന ജില്ലകളിലെ ഉദ്യോഗാർത്ഥികളെ രജിസ്റ്റർ നമ്പർ ക്രമത്തിലാണ് അതത് കേന്ദ്രങ്ങളിൽ ഇന്റർവ്യൂവിന് വിളിക്കുന്നത്. ഇങ്ങനെ ഒന്നിലധികം കേന്ദ്രങ്ങളിൽ വച്ച് ഇന്റർവ്യൂ നടത്തുമ്പോൾ ഏത് കേന്ദ്രത്തിലെ ഇന്റർവ്യൂ ആദ്യം നടത്തുന്നു എന്നത് തീരുമാനിക്കുന്നത് പബ്ലിക് സർവ്വീസ് കമ്മിഷൻ തന്നെയാണ്.

വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

92 (100) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) വാഹനാപകടങ്ങൾ മൂലം കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര പേർ മരണമടഞ്ഞിട്ടുണ്ട് ; എത്ര പേർക്ക് പരിക്കു പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഉപയോഗപ്രദമായതും കുറ്റമറ്റതുമായ രീതിയിലുള്ള ട്രാഫിക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് ഫലപ്രദമായതും കുറ്റമറ്റതുമായ ട്രാഫിക് സംവിധാനം ഏർപ്പെടുത്തുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വാഹനാപകടങ്ങളിൽ 2574 (രണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തി നാല്) പേർ മരണമടയുകയും 47,168 (നാൽപ്പത്തേഴായിരത്തി ഒരുനൂറ്റി അറുപത്തെട്ട്) പേർക്ക് പരിക്കുപറ്റുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly